ആലപ്പുഴ ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റ്

34 (3774) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ എൻ.സി.സി. ഡിപ്പാർട്ടുമെന്റിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് ആ ലിസ്റ്റിൽ നിന്നും നിയമനം നൽകി ;

(സി) ഈ തസ്തികയിലേയ്ക്ക് ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച്.

(സി) എട്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

ഓപ്പറേറ്റർ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

35 (3776) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് പി.എസ്.സി. 22-5-2003-ൽ ഒരു റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നുവോ ;

(ബി) പ്രായപരിധി കഴിയാറായ പലരും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ എല്ലാ ഒഴിവുകളിലേക്കും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിരുന്നു.

(ബി) 100 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഫിനാൻഷ്യൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

36 (3777) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 19-3-1999-ൽ പി.എസ്.സി. പ്രസിദ്ധീകരിച്ച ഫിനാൻഷ്യൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly